# പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 133** — **26.09.2016-ൽ മറുപടിക്ക്**

## റാഗിംഗിനെതിരെ നടപടി

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) ബാംഗ്ലൂർ ആചാര്യ എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സ് വിദ്യാർത്ഥിയായിരുന്ന ചാലക്കുടി, പൂപ്പറമ്പിൽ വീട്ടിൽ ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം സീനിയർ വിദ്യാർത്ഥികളാൽ ക്രൂരമായി റാഗിംഗിനു വിധേയനാവുകയും ഗുരുതരമായി പരിക്കുപറ്റി, ചികിൽസയിലിരിക്കെ മരണമടഞ്ഞതുമായ സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തി, മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഇതു സംബന്ധിച്ച് അഹബിന്റെ പിതാവ് സമർപ്പിച്ച അപേക്ഷയിൽ പുനരന്വേഷണമടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (എ) & (ബി) | ബാംഗ്ലൂർ ആചാര്യ എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സ് വിദ്യാർത്ഥിയായിരുന്ന ചാലക്കുടി, പൂപ്പറമ്പിൽ വീട്ടിൽ ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം തലയ്ക്ക് പരിക്കുപറ്റി മരണമടഞ്ഞതുമായി ബന്ധപ്പെട്ട് മരണപ്പെട്ടയാളിന്റെ ബന്ധു നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ എറണാകുളം ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 363/2014 u/s. 174 Cr.PC ആയി രജിസ്റ്റർ ചെയ്ത കേസ് ടിയാന് പരിക്കുപറ്റാൻ ഇടയായ സ്ഥലം കർണ്ണാടക സംസ്ഥാനത്തെ ബാംഗ്ലൂർ പീനിയ എന്ന പോലീസ് സ്റ്റേഷൻ പരിധിയിൽ ആയതിനാൽ പ്രസ്തുത കേസിന്റെ തുടർന്നുള്ള അന്വേഷണം നടത്തുന്നതിനുവേണ്ടി കേസ് ഫയൽ കർണ്ണാടക സംസ്ഥാന പോലീസ് മേധാവിയ്ക്ക് അയച്ച് കൊടുത്തിരുന്നു. ആയത് പീനിയ പോലീസ് സ്റ്റേഷനിൽ UDR No. 53/2014 u/s. 174 Cr.PCആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കേസിന്റെ കൂടുതൽ വിവരങ്ങളൊന്നും അറിവായിട്ടില്ല. |

സെക്ഷൻ ഓഫീസർ